കോ-ഓപ്പറേറ്റീവ് എക്സാമിനേഷൻ ബോർഡ് നടത്തുന്ന പരീക്ഷകൾ

134 [591] ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോ-ഓപ്പറേറ്റീവ് എക്സാമിനേഷൻ ബോർഡ് സഹകരണ സംഘങ്ങളിലേക്ക് നിയമനം നടത്തുന്നതിനായി പരീക്ഷ നടത്തി തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളിൽ ഏതിനെയെങ്കിലുംകുറിച്ച് രജിസ്ട്രാർക്കോ, സർക്കാരിനോ, ബോർഡിനോ പരാതി ലഭിക്കുകയുണ്ടായോ ; എങ്കിൽ ഏതെല്ലാം കേസ്സിൽ എത്ര പരാതികൾ ലഭിക്കുകയുണ്ടായി ;

(ബി) പരാതികളിന്മേൽ എന്ത് നടപടി സ്വീകരിക്കുകയുണ്ടായി ;

(സി) എക്സാമിനേഷൻ ബോർഡിലെ ഏതെങ്കിലും അംഗം പരീക്ഷ നടത്തിപ്പിലെ ക്രമക്കേടുകൾ സംബന്ധിച്ച് സർക്കാരിന് പരാതി നൽകുകയുണ്ടായോ ;

(ഡി) എങ്കിൽ ഏതെല്ലാം തീയതികളിൽ എന്തെല്ലാം പരാതികളാണ് ഉന്നയിച്ചിട്ടുള്ളത് ; ഇക്കാര്യത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിക്കുകയുണ്ടായി ;

(ഇ) ക്രമക്കേടുകൾ നടത്തിയ ആർക്കെങ്കിലും എതിരെ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ ?

ഉത്തരം

(എ) ഉണ്ട്. വിളപ്പിൽ സർവ്വീസ് സഹകരണ ബാങ്കിൽ 16-6-2001-ൽ നടന്ന ജൂനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള പരീക്ഷ, വിതുര സർവ്വീസ് സഹകരണ ബാങ്കിൽ 16-6-2001-ൽ നടന്ന ജൂനിയർ ക്ലാർക്ക് തസ്തിക, പെരുമ്പഴുതൂർ സർവ്വീസ് സഹകരണ ബാങ്കിൽ ജൂനിയർ ക്ലാർക്ക് തസ്തികയിൽ 8-11-2001-ൽ നടന്ന പരീക്ഷ എന്നിവ സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) വിളപ്പിൽ സർവ്വീസ് സഹകരണ ബാങ്കിലെ നിയമനം സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. വിതുര സർവ്വീസ് സഹകരണ ബാങ്ക് നിയമനം സംബന്ധിച്ച പരാതി വിജിലൻസ് വിഭാഗം ജോയിന്റ് രജിസ്ട്രാറും പെരുമ്പഴുതൂർ സർവ്വീസ് സഹകരണ ബാങ്ക് നിയമനം സംബന്ധിച്ച പരാതി സതേൺ റെയിഞ്ച് വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോയും അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ബോർഡ് അംഗം ശ്രീമതി കെ. എം. കല്യാണി ഒരു പരാതി നൽകിയിട്ടുണ്ട്. പരീക്ഷ നടത്തുന്ന സമ്പ്രദായത്തെക്കുറിച്ചാണ് പരാതി. ക്രമക്കേടുകൾ സംബന്ധിച്ച പരാതിയല്ല നൽകിയിട്ടുള്ളത്.

(ഡി) ബോർഡ് അംഗം ശ്രീമതി കെ. എം. കല്യാണി 26-7-2004-ൽ സർക്കാരിന് സമർപ്പിച്ച പരാതിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം വിജിലൻസ് വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഇന്റർവ്യൂവിനുള്ള മാർക്ക് ദശാംശ കണക്കിൽ രേഖപ്പെടുത്തുന്നതിന് എതിരായും, കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റുകൾ ബാങ്കുകളിലേക്ക് അയയ്ക്കാതെ സീൽ ചെയ്ത് ബോർഡിൽ സൂക്ഷിക്കുന്നതിനെതിരെയും ആയിരുന്നു പരാതി.

(ഇ) അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly